(ഡി) മലമ്പുഴ, പഴശ്ശി, ചിറ്റൂർപ്പുഴ, കുറ്റ്യാടി പദ്ധതികളിലെ റിസർവോയറുകളിലെ മണൽ നീക്കം ചെയ്യുന്നതിന് കാലാകാലങ്ങളിൽ പരസ്യമായി ലേലം ചെയ്ത് അനുമതി നൽകുന്നു. നീക്കം ചെയ്യേണ്ട മണൽശേഖരത്തിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടില്ല. അതത് ഓഫീസുകളിലെ അസിസ്റ്റന്റ് എഞ്ചിനിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതലായവരാണ് ഇത് മോണിറ്റർ ചെയ്യുന്നത്. അതത് ഡാം സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർമാരാണ് ഔട്ട്പാസ് നൽകുന്നത്. കല്ലട ജലസേചന പദ്ധതി ജലസംഭരണിയിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ, എക്കൽ എന്നിവ നീക്കം ചെയ്യുന്നതിനുള്ള ലേല നടപടികൾ പൂർത്തിയാക്കി വരുന്നു.

മഴവെള്ളം ശേഖരിച്ച് കുടിവെള്ള ദൗർലഭ്യം കുറയ്ക്കുന്നതിനായി പദ്ധതി

34 [5999] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവെള്ളം ശേഖരിച്ച് കുടിവെള്ള ദൗർലഭ്യം കുറയ്ക്കുന്നതിനായി സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ ഘടന, പദ്ധതി നടത്തിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ മതിപ്പ് ചെലവ് എത്ര കോടി രൂപയാണ്; സംസ്ഥാനത്ത് എത്ര വർഷംകൊണ്ട് പദ്ധതി പൂർത്തിയാക്കി ലക്ഷ്യം കൈവരിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്;

(ഡി) ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മഴവെള്ളം സംഭരിക്കുന്നതിനുള്ള സംഭരണികൾ നിർബന്ധിതമാക്കുന്നതിന് നിയമം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം, എറണാകുളം, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലാണ് കേരള വാട്ടർ അതോറിറ്റി ഈ പദ്ധതി നടപ്പിലാക്കുന്നത്. ബാക്കി ജില്ലകളിൽകൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഒഴുകി പാഴായി പോകുന്ന മഴവെള്ളത്തെ അനുയോജ്യമായ രീതിയിൽ പ്രകൃത്യാലുള്ള ഭൂവിന്യാസങ്ങൾ ഉപയോഗിച്ച് സംഭരിക്കുന്ന രീതിയാണ് മഴവെള്ള ശേഖരണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

വർഷ മഴവെള്ള കൊയ്ത്തു പദ്ധതി 5 കുടുംബങ്ങൾക്ക് ഒരു യൂണിറ്റ് എന്ന തോതിലാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഒരു യൂണിറ്റിന് 62,000 രൂപ ചെലവ് കണക്കാക്കുന്നു. പ്രസ്തുത പദ്ധതിയുടെ 90% കേന്ദ്ര സഹായവും ബാക്കി 10% ഉപഭോക്തൃ വിഹിതവുമാണ്. ഈ പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിലെ ഗുണഭോക്താക്കളിൽനിന്ന് പദ്ധതി വിഹിതത്തിന്റെ 10%, അതായത് പഞ്ചായത്തുകൾ വാട്ടർ അതോറിറ്റി ഡിവിഷൻ ഓഫീസുകളിൽ അടയ്ക്കണം. ഇതു കൂടാതെ 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡു പയോഗിച്ച് നടപ്പിലാക്കുന്ന റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് പദ്ധതികൾ ഒരു യൂണിറ്റ് ഒരു കുടുംബത്തിന് എന്ന തോതിലാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഒരു യൂണിറ്റിന് ശരാശരി 25000 രൂപ മുതൽ 30000 രൂപവരെ ചെലവു കണക്കാക്കിയിരിക്കുന്നു. പ്രസ്തുത പദ്ധതിക്ക് 100% കേന്ദ്രസഹായം ലഭിക്കും. വീടുകളുടെ മേൽക്കൂരകളിൽ നിന്നും ഫുഡ്ഗ്രേഡ് പ്ലാസ്റ്റിക്ക് ഷീറ്റുകൾ ഉപയോഗിച്ച് പൈപ്പുകൾ വഴി 25000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കുകളിൽ ശേഖരിച്ച് ഫിൽറ്റർ ചെയ്തു സൂക്ഷിച്ചു വയ്ക്കുകയും ടാപ്പിൽകൂടി എടുത്ത് ഉപയോഗിക്കുകയും ചെയ്യുന്നതിന് വേണ്ടിയാണ് ഈ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്.

(സി) വർഷപദ്ധതിപ്രകാരം 30 പഞ്ചായത്തുകളിലായി 623 യൂണിറ്റുകൾക്ക് 256.75 ലക്ഷം രൂപയാണ് മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളത്. 623 യൂണിറ്റുകളിൽ 170 യൂണിറ്റുകളുടെ പണികൾ 2002-2003-ൽ പൂർത്തീകരിച്ചു. ബാക്കി 453 യൂണിറ്റുകൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

11-ാം ധനകാര്യ കമ്മീഷന്റെ അവാർഡുപയോഗപ്പെടുത്തിയുള്ള റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് പദ്ധതിപ്രകാരം 10 പഞ്ചായത്തുകളിലായി 649 യൂണിറ്റുകൾക്ക് 195.55 ലക്ഷം രൂപയാണ് മതിപ്പ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 181 യൂണിറ്റുകൾ 2002-03-ൽ പൂർത്തീകരിച്ചു. ബാക്കി യൂണിറ്റുകളിൽ 2005-ൽ പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് സ്കീം

35 [6000] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, കെ. മോഹൻകുമാർ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എ. പി. അനിൽകുമാർ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൻവാട്ടർ ഹാർവെസ്റ്റിംഗിനെ സംബന്ധിച്ച് പഠനം നടത്തുകയും ആയതിനുള്ള പരിപാടി ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly